പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 114 18.03.2013 ൽ മറുപടിയ്ക്ക്

പാലക്കാട് ജില്ലയിൽ വരൾച്ചാദുരിത പരിഹാരത്തിനായി പ്രത്യേക പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാകാത്തതിനാൽ പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ കൃഷിനാശം ഉണ്ടാകുന്നതും കന്നുകാലികൾ ചത്തൊടുങ്ങുന്നതുമായ സ്ഥിതി വിശേഷം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം നടപ്പ് ജലവർഷത്തിൽ (2012-13) ഫെബ്രുവരി 28 വരെ 4901 Mcft ജലമാണ് മണക്കടവ് വിയറിൽ ലഭ്യമായിട്ടുള്ളത്. കരാർ പ്രകാരമുള്ള ജലം ലഭ്യമാകുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടെങ്കിലും പ്രതികരണം തൃപ്തികരമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രി 30.01.2013-ൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ കരാർ ലംഘനത്തിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചതനുസരിച്ച് ഈ വിഷയത്തിൽ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാനം അനുസരിച്ച് ഇരുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രി തലത്തിൽ ചർച്ചയ്ക്കുള്ള ശ്രമവും നടത്തിവരുന്നു. കൂടാതെ, ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ജലദൗർലഭ്യം മൂലം കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിനായി രണ്ടാഴ്ചയ്ക്കകം ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് യോഗം വിളിച്ചു ചേർക്കുവാൻ തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ഉണ്ടായ വരൾച്ച കണക്കിലെടുത്ത് സർക്കാർ ഉത്തരവ് 239/2012/ഡി.എം.ഡി തീയതി 11.6.12 പ്രകാരം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കന്നുകാലികൾക്കുണ്ടായിട്ടുള്ള വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്ത് കർഷകർക്ക് ദുരിതാശ്വാസം നൽകുന്നതിനും സബ്സിഡി നിരക്കിൽ കന്നുകാലിതീറ്റ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ സമയബന്ധിതമായി പ്രസ്തുത പാക്കേജ് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ ? | (ബി) | പ്രത്യേക പാക്കേജ് ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**